**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 43** **22-02-2022 - ൽ മറുപടിയ്ക്ക്**

**ഗ്രാഫീൻ ഇന്നൊവേഷൻ സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | **Shri. Pinarayi Vijayan**<br>(മുഖ്യമന്ത്രി) | |
| (എ) | ഗ്രാഫീൻ ഇന്നൊവേഷൻ സെന്റർ ആരംഭിക്കുന്നതുകൊണ്ട് കേരളത്തിലെ വ്യവസായ-സാങ്കേതിക വിദ്യാഭ്യാസ രംഗങ്ങളിൽ പ്രതീക്ഷിക്കുന്ന പുരോഗതി എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | നാളെയുടെ വ്യവസായ പുരോഗതിയുടേയും ശാസ്ത്ര-സാങ്കേതിക രംഗത്തെ പുതുയുഗമെന്ന് വിശേഷിപ്പിക്കാവുന്ന ഗ്രാഫീന്റെ ഉത്പാദനത്തിനും വികസനത്തിനുമായിട്ടാണ് ഇന്ത്യൻ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ (IICG) എന്ന കേന്ദ്രം ഡിജിറ്റൽ സർവ്വകലാശാലയുടെയും കേന്ദ്രസർക്കാർ സ്ഥാപനമായ CMET ന്റെയും നേതൃത്വത്തിൽ എറണാകുളത്ത് സ്ഥാപിക്കുന്നത്. ആദ്യത്തെ അഞ്ച് വർഷത്തിനുള്ളിൽ ഗ്രാഫീൻ കേന്ദ്രവുമായി ചേർന്ന് 250 ഒാളം പുതിയ ഹൈടെക്നോളജി സംരംഭങ്ങൾ (ഇൻകുബേഷൻ, കപ്പാസിറ്റി ബിൽഡിംഗ്, ട്രെയിനിംഗ്, കൺസൾട്ടൻസി, വിജ്ഞാന കൈമാറ്റം, ഉൽപ്പന്ന വാണിജ്യവൽക്കരണം) സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഇന്റലക്ച്വൽ പ്രോപ്പർട്ടി ലഭ്യത, ടാലന്റ്, റെഡി-ടു-യൂസ് സാങ്കേതികവിദ്യ, ഇൻകുബേഷൻ സൗകര്യം, സ്റ്റാർട്ടപ്പ് മിഷൻ, ഫാബ് ലാബ്, മേക്കർ വില്ലേജ്, സിഐഇടി മുതലായവയിൽ നിന്നുള്ള അനുബന്ധ പിന്തുണാ അടിസ്ഥാന സൗകര്യങ്ങൾ ഈ മേഖലയിൽ വ്യാവസായിക ക്ലസ്റ്റർ സൃഷ്ടിക്കുവാൻ സഹായകമാകും. പ്രസ്തുത കേന്ദ്രവുമായി ബന്ധപ്പെട്ട് ഗ്രാഫീൻ ഉൽപ്പന്നങ്ങളിൽ ഒരു ക്ലസ്റ്റർ സൃഷ്ടിക്കുന്നതിനു വേണ്ടി ഇന്ത്യയിലും ലോകമെമ്പാടുമുള്ള കമ്പനികളെയും സ്റ്റാർട്ടപ്പുകളേയും ആകർഷിക്കുക എന്നതാണ് നിർദ്ദിഷ്ട കേന്ദ്രം ലക്ഷ്യമിടുന്നത്. കേന്ദ്രത്തിന് സ്വന്തമായി ഇൻകുബേറ്ററും ഉയർന്ന നിലവാരമുള്ള ഗ്രാഫീൻ ഉൽപ്പാദിപ്പിക്കുന്നതിനും സംയോജിപ്പിക്കുന്നതിനുമുള്ള ക്ലീൻറൂമുകളും ഉണ്ടായിരിക്കും. ഈ കേന്ദ്രം ഗ്രാഫീനിലും മറ്റ് 2 ഡി മെറ്റീരിയലിലും അതിന്റെ സംയോജിത സാങ്കേതികവിദ്യയിലും ഗവേഷണവും വികസനവും ഉൽപ്പന്ന നവീകരണവും പ്രോത്സാഹിപ്പിക്കും. ഐഐസിജിക്കും ഡിജിറ്റൽ സർവ്വകലാശാലയ്ക്കും |

| | | | |
|---|---|---|---|
| | | | നിർണായക പങ്ക് വഹിക്കാൻ കഴിയുന്ന നിർദ്ദിഷ്ട 2 ഡി മെറ്റീരിയൽസ് പാർക്ക്, അടുത്ത 5 വർഷത്തിനുള്ളിൽ 50,000-ത്തിലധികം പേർക്ക് നേരിട്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന 250-ലധികം ഉന്നത സാങ്കേതിക സംരംഭങ്ങൾ സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നേരിട്ടുള്ള തൊഴിലിന് പുറമേ, 200,000 പരോക്ഷ തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിന് സാധിക്കും. 2500 കോടി രൂപയുടെ നിക്ഷേപം പ്രസ്തുത പദ്ധതി കൊണ്ടുവരുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ഈ മേഖലയിൽ നിന്ന് പ്രവർത്തിക്കുന്ന സംഘടനകളിൽ നിന്ന് അടുത്ത 5 വർഷത്തിനുള്ളിൽ ഏകദേശം 10,000 കോടി രൂപയുടെ വിൽപ്പനയും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ